ഈ സബ് ഡിവിഷനുകളുടെ മേൽനോട്ടം തിരുവനന്തപുരം, ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ വഹിക്കുന്നു. ഈ ലബോറട്ടറികളിൽ ജല അതോറിറ്റിയുടെ എല്ലാ ജലവിതരണ പദ്ധതികളിൽ നിന്നും നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിക്കുകയും അവയെ ഭൗതികം, രാസികം, ജൈവികം എന്നീ മൂന്ന് തരത്തിലുള്ള പരിശോധനകൾക്ക് വിധേയമാക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആഫീസുകളിൽ യഥാസമയം നൽകുകയും ചെയ്യുന്നു. ഇതു കൂടാതെ പ്രധാനപ്പെട്ട എല്ലാ ശുദ്ധജല പദ്ധതികളുടെയും ശുദ്ധീകരണ ശാലകളിൽ ജല പരിശോധന ലബോറട്ടറികളുണ്ട്. അവിടെ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. ക്വാളിറ്റി ലബോറട്ടറികൾ നേരിട്ടും, ശുദ്ധീകരണ ശാലകളിൽ നിന്നും ജല സാമ്പിളുകൾ പരിശോധിക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലും സംവിധാനം നിലവിലുണ്ട്.

വിനോദസഞ്ചാരികൾക്ക് പ്രത്യേക സംരക്ഷണസേന

*24 [204] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രത്യേക സംരക്ഷണസേന രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനായി പോലീസ് വകുപ്പിന്റെ കീഴിൽ 'ടൂറിസം പോലീസ്' എന്ന പ്രത്യേക വിഭാഗം നിലവിലുണ്ട്. ടൂറിസം വകുപ്പിന്റെ കീഴിൽ പ്രത്യേക സംരക്ഷണസേന രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മലയോര മേഖലകളിലെ ടൂറിസം പദ്ധതികൾ

1 [979] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും എന്തെല്ലാം പുതിയ പദ്ധതികളാണ് ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനം, ഇക്കോടൂറിസം, കേരളത്തിന്റെ പാരമ്പര്യ സംരക്ഷണം, ഗുണമേന്മാ വർദ്ധനവ് എന്നീ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുള്ള പുതിയ പദ്ധതികളാണ് ഇപ്രാവിശ്യം ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലും, വനപ്രദേശങ്ങളിലും വനം വകുപ്പുമായി സഹകരിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശവാസികളെ ഉൾപ്പെടുത്തി വനംവകുപ്പ് വിവിധ സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികളാണ് അതാത് വനപ്രദേശത്തെ പ്രകൃതി രമണീയമായ സ്ഥലങ്ങളിൽ ഇക്കോ ടൂറിസം പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഇവർ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിൽ വനംവകുപ്പ് അംഗീകരിക്കുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മംഗളവനം, തൊമ്മൻകുത്ത് തുടങ്ങിയ പ്രദേശങ്ങളിൽ സമീപഭാവിയിൽ തന്നെ പുതിയ പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

വിനോദസഞ്ചാര മേഖലയിലെ നയപരമായ മാറ്റങ്ങൾ

2 [980] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നയപരമായ മാറ്റങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും വരുമാനത്തിലുള്ള വർദ്ധനവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിൽ നയപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലേക്ക് 'കൂടുതൽ ടൂറിസ്റ്റുകളെ' ആകർഷിക്കുകയെന്നതിനുപകരം 'ഉയർന്ന ഗുണമേന്മയുള്ള കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുക'യെന്ന നയപരമായ മാറ്റം ഉണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകവും, പരിസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ഉൽപ്പാദനവും, വരുമാനവും, തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചും അതുവഴി ദാരിദ്ര്യനിർമ്മാർജനത്തിനു വഴിയൊരുക്കി നാടിന്റെ നാനാമുഖമായ പുരോഗതിക്ക് ടൂറിസം ഏറ്റവും പ്രധാന മേഖലയായിത്തീർന്നിരിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്തിയ ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണവും അതുവഴിയുള്ള വരുമാനവും അനുബന്ധമായി വച്ചിട്ടുണ്ട്.††

† അനുബന്ധം 5,

†† അനുബന്ധം 6

LIBRARY ARCHIVES Kerala Legislative Assembly